## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

27.10.2011 ലെ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5638

**സഹകരണ ക്ലിനിക് ലാബുകളും നീതി മെഡിക്കൽ സ്റ്റോറുകളും**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ജില്ലാ, താലൂക്ക് ആശുപത്രികളിൽ സഹകരണ ക്ലിനിക് ലാബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br><br>ബി) പ്രസ്തുത ആശുപത്രികളിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എയും ബിയും | സഹകരണ ആരോഗ്യ കേരളീയം പദ്ധതി പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ജില്ലാ താലൂക്ക് ആശുപത്രികളിൽ സഹകരണ ക്ലിനിക് ലാബുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |
| സി) സമസ്ത മേഖലയിലും സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം എത്തിക്കുന്നതിന്റെ ഭാഗമായി, സർക്കാർ ഏതെല്ലാം പുതിയ മേഖലകളിലേക്കാണ് സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | സഹകരണ മേഖല ഇപ്പോൾ സമൂഹത്തിന്റെ എല്ലാ മേഖലകളിലും പ്രവർത്തനം വ്യാപിപ്പിച്ച് വരുന്നു. വായ്പാ മേഖല, ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണം, തൊഴിൽ, വിപണന സംസ്കരണം, ഭവന നിർമ്മാണം, കാർഷിക, പട്ടികജാതി/പട്ടിക വർഗ്ഗ വികസനം, വിനോദ സഞ്ചാരം എന്നിവയ്ക്ക് പുറമേ ഐ.റ്റി. മേഖലയിലും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ